# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം-7/1786/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 09/10/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം-7/1786/2023 തീയ്യതി: 09/10/2023

## മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-11-2022 മുതൽ 24-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 25-07-2022 | 03-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-07-2023 | 03-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. നസ്സീർ ടി.കെ., ഓഡിറ്റ് ഓഫീസർ

ശ്രീ. സന്തോഷ് പി.ടി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. അമീൻ ഫൈസൽ ടി.ടി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. ഷീബ പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.പൊന്നമ്മ.വി.എസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ഷാനിർ. കെ | സെക്രട്ടറി | 01-04-2022 | 23-07-2022 |
| | | 16-08-2022 | 31-03-2023 |
| ശ്രീമതി. അസീന ചെറുപള്ളിക്കൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-07-2022 | 15-08-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. അസീന ചെറുപള്ളിക്കൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 25-10-2023 |
| ശ്രീ. ജ്യോതിഷ് ആർ | അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്) | 26-10-2022 | 30-10-2022 |
| ശ്രീമതി മെയ്ദിനി പി. എം. | അസിസ്റ്റന്റ് സെക്രട്ടറി | 01-11-2022 | 06-11-2022 |
| ശ്രീ. ജ്യോതിഷ് ആർ | അസിസ്റ്റന്റ് സെക്രട്ടറി | 07-11-2022 | 31-03-2023 |
| ശ്രീ. സിനിമോൻ .സി. എച്ച് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 13-05-2022 |
| ശ്രീമതി.ടിനാ മേരി. സി.ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 14-05-2022 | 06-09-2022 |
| ശ്രീമതി. ആശ കെ. എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 07-09-2022 | 31-03-2023 |
| ശ്രീ. ഷരീഫ് അഹമ്മദ് | വില്ലേജ് എക്സ്റ്റൻഷർ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ഷബാസ് ബീഗം | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ആബിദ അബ്ദുൾകരീം | മെഡിക്കൽ ഓഫീസർ( സി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.നിഷാന | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ.നസ്റീൻ മൂസ | മെഡിക്കൽ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ഓഫീസർ(ഹോമിയോ) | | |
| ശ്രീ. സജിമോൻ പി. ജെ. | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ഡോ. അൻവർ. കെ. പി. | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. സൈനബ. എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ടി.വി. സജിത | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 16-11-2022 |
| ശ്രീമതി. ദിവ്യ ജി. എൻ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 17-11-2022 | 05-02-2023 |
| ശ്രീമതി. നസീമ കെ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 06-02-2023 | 31-03-2023 |
| ശ്രീ. അബ്ദുൽ കാസിം സി. | ഫിഷറീസ് ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല. | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം | 1-3 |
| 8 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-6-1 |
| 12 | ക്ഷേമപെൻഷൻ | 1-7 |
| 13 | ക്യാഷ് വെരിഫിക്കേഷൻ. | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | ഡപ്പോസിറ്റ് വർക്ക് അവലോകനം | 1-11 |
| 17 | തനത് വരുമാനം സംബന്ധിച്ച അവലോകനം | 1-12 |
| 18 | മാനവൽ രസീതി ഉപയോഗത്തിലെ അപാകതകൾ | 1-13 |
| 19 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-14 |
| 20 | ഇലക്ട്രിഫിക്കേഷൻ പദ്ധതി നിർവ്വഹണത്തിലെ -അപാകതകൾ | 1-15 |
| 21 | ബസ്സ്റ്റൻറ് കെട്ടിടം -നിഷ്ക്രിയ ആസ്തി -തുടർനടപടി ആവശ്യപ്പെടുന്നു | 1-16 |
| 22 | പഞ്ചായത്തിന് വാഹനം വാങ്ങൽ -പഴയ വാഹനത്തിൻറ ഡിസ്പോസൽ വിവരം ലഭ്യമാക്കണം | 1-17 |
| 23 | തെരുവ് വിളക്ക് റിപ്പയർ- അപാകതകൾ | 1-18 |
| 24 | തെരുവ് വിളക്ക് സ്ഥാപിക്കൽ- അപാകതകൾ | 1-19 |
| 25 | ബഡ്സ് സ്കൂളിന് വാഹന വാടക -ആദായ നികുതി ഈടാക്കിയിട്ടില്ല | 1-20 |

| | | |
|---|---|---|
| 26 | എം.സി.എഫ് വാഹന വാടക -ആദായനികുതി ഈടാക്കിയിട്ടില്ല | 1-20-1 |
| 27 | ദുരിതാശ്വാസ നിധി -കാര്യക്ഷമമാക്കണം | 1-21 |
| 28 | MGNREGS ന് മുൻകൂർ നൽകിയത് ക്രമീകരിക്കണം | 1-22 |
| 29 | ഡപ്പോസിറ്റ് വർക്ക് -വിനിയോഗ വിവരം ലഭ്യമാക്കണം | 1-23 |
| 30 | കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിന് ധനസഹായം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം | 1-23-1 |
| 31 | മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്. | 1-24 |
| 32 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ-സ്റ്റോക്ക് രജിസ്റ്റർ ശരിയായി സൂക്ഷിച്ചിട്ടില്ല. | 1-25 |
| 33 | ബയോബിൻ വിതരണം അപാകതകൾ | 1-26 |
| 34 | വീടുകളുടെ മേൽക്കൂര മാറ്റൽ-(ജനറൽ) അപാകതകൾ | 1-27 |
| 35 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടിലൽ. | 1-28 |
| 36 | പാരാമെഡിക്കൽ /ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കാൻ അവശേഷിക്കുന്നു | 1-29 |
| 37 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ അവശേഷിക്കുന്നു. | 1-30 |
| 38 | എസ്.സി വീട് വയറിങ് അപാകതകൾ | 1-31 |
| 39 | ഓഡിറ്റ് പരാമർശം- 94398/- രൂപ അടവാക്കി. | 1-32 |
| 40 | സൈറ്റിൽ സ്റ്റാക്ക് ചെയ്ത കരിങ്കല്ലിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-33 |
| 41 | കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയതിൽ കുറവ്. | 1-34 |
| 42 | അമ്പലക്കുന്ന് കുടിവെള്ള പദ്ധതി (85/23) കിളച്ചെടുത്ത മണ്ണ് കുറവ് ചെയ്തില്ല. 26405/- രൂപയുടെ അധിക ചെലവ്. | 1-35 |
| 43 | ഡ്രൈനേജ് നിർമ്മാണം-മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി.18028/-രൂപയുടെ അധിക ചെലവ്. | 1-36 |
| 44 | വെതർ സ്റ്റേഷൻ സാധ്യതകൾ പരിശോധിക്കണം | 1-37 |

## ഭാഗം **2**

--- No Records Found ---

## ഭാഗം **3**

| | | |
|---|---|---|
| 1 | ഡ്രൈനേജ് നിർമ്മാണം-മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി.18028/-രൂപയുടെ അധിക ചെലവ്. | 3-1 |
| 2 | അമ്പലക്കുന്ന് കുടിവെള്ള പദ്ധതി (85/23) കിളച്ചെടുത്ത മണ്ണ് കുറവ് ചെയ്തില്ല. 26405/- രൂപയുടെ അധിക ചെലവ്. | 3-2 |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്)ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റു ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത് കമ്മിറ്റി 1(1)/07.07.2023 തീരുമാന പ്രകാരം തയ്യാറാക്കി 07.07.2023 തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം& എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: മലപ്പുറം

തീയതി: 09.10.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 25441554/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 18713275/-രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ് ഷീറ്റ് പ്രകാരം കിട്ടാനവശേഷിക്കുന്ന തുകയിൽ സംശയാസ്പദമായ തുകകൾക്ക് Provision രേഖപ്പെടുത്തിയിട്ടില്ല.

## 1-1-4 രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.

എ) AFSലെ ഷെഡ്യൂൾ B-15 പ്രകാരം വാടകയിനത്തിൽ കുടിശ്ശികയായി 1,81,054 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ കുടിശ്ശിക സംബന്ധിച്ച് രേഖപ്പെടുത്തൽ വരുത്തിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

ബി) AFSലെ ഷെഡ്യൂൾ B-15 പ്രകാരം പ്രകാരം Bus Stand Receipts ഇനത്തിൽ കുടിശ്ശികയായി 1,22,536 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

സി) വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ബി11 ഷെഡ്യൂൾ പ്രകാരമുള്ള തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

## 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | (പുതുക്കിയത്) തീരുമാന നം./തിയ്യതി |
|---|---|
| 1(1) - 26.03.2022 | 1(1)- 17.02.2023 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 50160231 |
| വരവ് | 117091510 |
| ആകെ | 167251741 |
| ചെലവ് | 91649956 |
| നീക്കിയിരിപ്പ് | 75601785 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 34036844 | 34036844 | 34021448 | 15396 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 7222328 | 7222328 | 7044301 | 178027 |
| വികസന ഫണ്ട് ടി.എസ്.പി | 0 | 863658 | 863658 | 684822 | 178836 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -(Tied) | 0 | 15419422 | 15419422 | 14206617 | 1212805 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Un Tied) | 0 | 7402639 | 7402639 | 6869387 | 533252 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 15497000 | 15497000 | 13270667 | 2226333 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 9710000 | 9710000 | 9438786 | 271214 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | | | | (എണ്ണം) | എണ്ണം) | ശതമാനം |
|---|---|---|---|---|---|---|
| 298 | 331109519 | 205 | 153282715 | 0 | 93 | 68.79 |

വിശദ വിവരം ചുവടെ ചേർക്കുന്നു

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ടുകൾ | നിർവ്വണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 0 | 6508333 | 5334421 | 82.00% |
| വെറ്റിനറി | 9 | 7 | 2 | 6703000 | 5817880 | 87.00% |
| MO (PHC) | 9 | 6 | 3 | 2176536 | 1679284 | 77.00% |
| MO(HOMEO) | 2 | 2 | 0 | 653000 | 649600 | 99.00% |
| MO(ISM) | 1 | 1 | 0 | 700000 | 700000 | 100.00% |
| ഫിഷറീസ് | 1 | 1 | 0 | 240000 | 100000 | 42.00% |
| വി.ഇ.ഒ | 24 | 21 | 3 | 204526300 | 69172026 | 34.00% |
| ഐ.സി.ഡി.എസ് | 7 | 7 | 0 | 13203500 | 12822837 | 97.00% |
| ഡി.ഇ.ഒ | 1 | 1 | 0 | 1100000 | 580098 | 53.00% |
| സെക്രട്ടറി | 37 | 35 | 2 | 17103083 | 13507416 | 79.00% |
| അസി.എൻജിനിയർ | 179 | 100 | 79 | 71392392 | 38431417 | 54.00% |
| എച്ച്.എം | 12 | 10 | 2 | 3602000 | 2244691 | 62.00% |
| അസി.സെക്രട്ടറി | 9 | 6 | 3 | 3201375 | 2243045 | 70.00% |
| ആകെ | 298 | 204 | 94 | 154342710 | 86870166 | 56.00% |

അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ സമയ ബന്ധിതമായി നിർവ്വഹണം നടത്താൻ മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1105 | 963361 | 964466 | 964466 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 41395948 | 41395948 | 41395948 | 0 |
| ആകെ | 1105 | 42359309 | 42360414 | 42360414 | 0 |

## 1-6-1 തൊഴിലുറപ്പ് പദ്ധതി അവലോകനം

| ക്രമനം. | വിശദാംശം | 2022-23 |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4863 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 4863 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 183 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 44526395 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 111 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 69 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം | 37 |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പും പലിശയും ഉൾപ്പെടെ) | 42360414 |
| 9 | തൻവർഷത്തെ ആകെ ചെലവ് | 42360414 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1646 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1646 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 683 |

| ക്രമനം. | വിശദാംശം | 2022-23 |
|---|---|---|
| 16 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം | 3 |
| 19 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | 34 |

2022-23വർഷത്തിൽ സാധനസാമഗ്രികൾ ഉൾപ്പെടുന്ന 37 പ്രവർത്തികൾ തൊഴിലുറപ്പുപദ്ധതിപ്രകാരം താഴെപ്പറയും പ്രകാരം നിർവ്വഹിച്ചിട്ടുണ്ട്

| പ്രവർത്തി | എണ്ണം | എണ്ണം 2022-23 |
|---|---|---|
| റോഡ് | 3 | 344966 |
| കോഴിക്കൂട് | 2 | 97720 |
| ആട്ടിൻകൂട് | 3 | 170466 |
| തൊഴുത്ത് | 4 | 306306 |
| കയർ ഭൂവസ്ത്രം | 13 | 654337 |
| മറ്റുള്ളവ | 12 | 111050 |
| ആകെ മെറ്റീരിയൽ ചെലവ് | 37 | 1684845 |

രജിസ്റ്റർ ചെയ്ത എല്ലാ ഗുണഭോക്താക്കൾക്കും 100ദിവസം ജോലി ഉറപ്പ് വരുത്തുന്നതിനും നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി മെറ്റീരിയൽ പ്രവർത്തികൾ ഉൾപ്പെടുത്താനും ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-7 ക്ഷേമപെൻഷൻ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2909600 | 241 |
| വിധവാ പെൻഷൻ | 18313200 | 1686 |
| വാർദ്ധക്യകാല പെൻഷൻ | 32289000 | 3067 |
| വികലാംഗ പെൻഷൻ | 6568600 | 600 |
| വിവാഹ ധനസഹായം | 330000 | 11 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 913600 | 91 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.07.2023 ന് 10.20 Amന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 1275/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1 ഐസിഡിഎസ് സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ പി എച്ച് സി, മെഡിക്കൽ ഓഫീസർ (ആയുർവ്വേദം), ഡയറി എക്സ്റ്റൻഷർ ഓഫീസർ, എന്നിവർ പ്രൊജെക്ട് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2 സ.ഉ (കൈ) നം.84/2022/തസ്വഭവ തി. 19.4.22 പ്രകാരം ഓരോ പ്രൊജെക്ടുകളും നടപ്പിലാക്കിയശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറുകയും പദ്ധതികളുടെ മോണിറ്ററിംഗ് നടത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമല്ല.

3 അങ്കണവാടി പോഷകാഹാര പദ്ധതികളുടെ ഭാഗമായി ന്യൂട്രിമിക്സ് വാങ്ങിയ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

4.നിർവ്വഹണോദ്ധ്യോഗസ്ഥർ കൈപ്പറ്റിയ രശീതി ബുക്കുകൾ കൈകാര്യം ചെയ്യുന്നത് ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പാലിച്ചാണെന്ന് ഉറപ്പ് വരുത്തണം (ഉദാ- ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കണം 31.3.ന് ശേഷം ബാക്കി വരുന്ന ഉപയോഗിച്ച രശീതി ബുക്കി ലെ പേജുകൾ ക്യാൻസൽ ചെയ്യണം )

5.പഞ്ചായത്ത് ബസ്റ്റാന്റ് നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുന്നത് തുടർനടപടി സ്വീകരിക്കണം

6.ഉപയോഗ ശൂന്യമായ പഴയ പഞ്ചായത്ത് വാഹനം ലേലം ചെയ്യണം

7.തനത് ഫണ്ട് വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികൾക്ക് മോണിട്ടറിങ് കാര്യക്ഷമമാക്കണം

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6.1.2023 | 2022 നവംബർ & ഡിസംബർ | 6.1.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.03.2019 മുതൽ 05.04.2019 വരെ | 2013 -2014 മുതൽ 2017-18 വരെ | 20.05.2019 |

## 1-11 ഡപ്പോസിറ്റ് വർക്ക് അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ഡിപ്പോസിറ്റ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്ര.ന (1) | പ്രൊജക്ട് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ഫണ്ട് ഇനം (6) | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) (7) |
|---|---|---|---|---|---|---|
| 1 | 154/17 | 2016-17 | Kseb | 25105 | മെയിന്റനൻസ് ഗ്രാന്റ് | U/ലഭ്യമാക്കിയിട്ടില്ല |
| 2 | 71/21 | 2020-21 | Kseb | 150000 | മെയിന്റനൻസ് ഗ്രാന്റ് | U/ലഭ്യമാക്കിയിട്ടില്ല |
| 3 | 479/21 | 2020-21 | Kesb | 341688 | തനത് ഫണ്ട് | U/ലഭ്യമാക്കിയിട്ടില്ല |
| 4 | 133/22 | 2021-22 | ബ്ലോക്ക് പഞ്ചായത്ത് | 94425 | തനത് ഫണ്ട് | U/ലഭ്യമാക്കിയിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| 5 | 134/22 | 2021-22 | ബ്ലോക്ക് പഞ്ചായത്ത് | 810000 | തനത് ഫണ്ട് | U/ലഭ്യമാക്കിയിട്ടില്ല |
| 6 | 306/22 | 2021-22 | ജില്ലാ പഞ്ചായത്ത് | 72000 | സി.എഫ്.സി | U/ലഭ്യമാക്കിയിട്ടില്ല |
| 7 | 334/22 | 2021-22 | Kseb | 251177 | സി.എഫ്.സി | U/ലഭ്യമാക്കിയിട്ടില്ല |
| 8 | 135/22 | 2021-22 | Kseb | 115914 | തനത് ഫണ്ട് | U/ലഭ്യമാക്കിയിട്ടില്ല |
| ആകെ | | | | | | |

മേൽ പ്രവൃത്തികളിലായി തിരിച്ച് ലഭിക്കാൻ അവശേഷിക്കുന്ന തുക ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും, പ്ലാൻ ഫണ്ട് വിഹിതം സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

## 1-12 തനത് വരുമാനം സംബന്ധിച്ച അവലോകനം

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ 11.07.2023 ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിൽ നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം

ആറാം ധനകാര്യകമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സ.ഉ(കൈ)നം.117/2022/ എൽ എസ് ജി ഡി , തിയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ 2 ആയി എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റേയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്നു മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ചചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എല്ലാ മാസവും മീറ്റിംഗ് കൂടിയിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിച്ചതായി മീറ്റിംഗ് മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. സമ്പൂർണ്ണ വസ്തുനികുതി പിരിവിന്റെ പുരോഗതി വിവിധ യോഗങ്ങളിൽ അവലോകനം ചെയ്യുകയും, വസ്തുനികുതി പിരിവ് കുറവ് നിലനിൽക്കുന്ന വാർഡുകളിൽ ക്യാമ്പ് കളക്ഷൻ ഉൾപ്പെടെ കൂടുതൽ ഫലപ്രദമായി നടത്തി വസ്തുനികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഭരണസമിതി യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തിയതായും പരിശോധനയിൽ ബോധ്യപ്പെട്ടു.

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി കൃത്യമായ ഇടവേളകളിൽ നികുതിവരുമാനത്തിന്റെ പിരിച്ചെടുക്കൽ വിലയിരുത്തി ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പഞ്ചായത്തിന് പിരിഞ്ഞുകിട്ടേണ്ടതായ തുകകൾ പൂർണ്ണമായും പിരിച്ചെടുത്തുവെന്ന് ഉറപ്പു വരുത്തുന്നതിനും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ പുലർത്തേണ്ടതാണ്. സർക്കാർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധി പാലിച്ചുകൊണ്ടും, എല്ലാ നികുതി പിരിവിന്റെയും നികുതിയേതര വരവിന്റേയും അവലോകനം ഗ്രാമസഭകളിൽ നടത്തിക്കൊണ്ടും പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വരവ് - ചെലവ് കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്നതായിരിക്കണം ബജറ്റ്. 2022-23 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള പ്രതീക്ഷിത വരവും , സ്ഥാപനത്തിലെ വാർഷിക കണക്കു പ്രകാരം ലഭ്യമായ വരവും തമ്മിൽ താഴെ പറയുന്ന ഇനങ്ങളിൽ വലിയ വ്യത്യാസം കാണുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കു പ്രകാരം ലഭ്യമായ വരവ് | വ്യത്യാസം |
|---|---|---|---|
| Property Tax | 70,00,000 | 6,39,9140 | -6,00860 |
| Profession Tax | 30,00,000 | 19,56,494 | -10,43,506 |
| Rental Income | 4,00,000 | 12, 96,968 | 8,96,968 |
| Licence Fees | 1,75,000 | 1,70,450 | -4550 |
| Permit Fee For Construction Of Building | 4,00,000 | 1,91,789 | -2,08,211 |

പഞ്ചായത്തിന്റെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരം കാണുന്നു. ബജറ്റ് യാഥാർത്ഥ്യത്തോട് ചേർന്നു നിൽക്കുന്നതാവാൻ ശ്രദ്ധിക്കേണ്ടതാണ്.

വസ്തു നികുതി

സ.ഉ (കൈ) നം. 77/2023/എൽ. എസ്. ജി. ഡി., തിയ്യതി 22.03.2023 പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവു പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സ.ഉ (അച്ചടി) നം. 25/2023/എൽ എസ് ജി ഡി , തിയ്യതി 05.04.2023 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കരുവാരക്കുണ്ട് ഗ്രാമ പഞ്ചായത്ത് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2. നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്)09.05.2023 ലെ 7/1ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും ഇതു സംബന്ധിച്ച അറിയിപ്പ് 22.07.2023 തിയ്യതിയിൽ പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ ഹോസ്റ്റൽ/ ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് , എം.എസ്.എം.ഇ വ്യവസായ യൂണിറ്റുകൾ, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ/ റിസോർട്ടുകൾ, റസിഡൻഷ്യൽ ഹോംസ്റ്റേ തുടങ്ങിയ സ്ഥാപനങ്ങൾക്ക് നിരക്ക് നിശ്ചയിച്ച് കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളാക്കി തിരിക്കൽ, റോഡുകളുടെ വർഗ്ഗീകരണം എന്നിവ 09.05.2023 ലെ 7/2ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം താത്ക്കാലികമായി അംഗീകരിക്കുകയും ആയതു സംബന്ധിച്ചുള്ള അറിയിപ്പ് 22.07.2023 ന് പത്രത്തിൽ പരസ്യം ചെയ്തിട്ടുമുണ്ട്.

4.കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കുന്നതിനായി വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. ആയത് പ്രകാരം യോഗ്യതയുള്ളവരെ നിയമിക്കുന്നതിനും വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കും ആവശ്യമായ തുക തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി 9.5.2023ലെ 28/2 നമ്പർ പ്രകാരം തീരുമാനം എടുത്തിട്ടുണ്ട്.

5. പുതുക്കിയ വസ്തുനികുതി നിരക്കിന്റെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പരസ്യപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും ആയത് പരസ്യപ്പെടുത്തിയിട്ടില്ല. ഇത് കാരണം 01.04.2023ന് ശേഷം പുതുതായി വസ്തുനികുതി നിർണ്ണയം നടത്തുന്ന കേസുകളിൽ പഴയ നിരക്കിൽ തന്നെ വസ്തുനികുതി നിർണ്ണയിച്ച്, പുതിയ നിരക്ക് പ്രകാരമുള്ള അധിക തുക അടവാക്കിക്കൊള്ളാമെന്നുള്ള സമ്മതപത്രം ഉടമകളിൽ നിന്ന് കൈപ്പറ്റുകയാണ് ചെയ്യുന്നത്.

നികുതി നിർണ്ണയത്തിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ / ഉപയോഗ ക്രമത്തിലുള്ള മാറ്റങ്ങൾ , നികുതിയിളവ് നേടിയ ശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അനുമതിയില്ലാതെ കെട്ടിട വിസ്തീർണ്ണം വർദ്ധിപ്പിക്കൽ എന്നിവ സംബന്ധിച്ച് കെട്ടിട ഉടമകൾ നൽകിയ അപേക്ഷകൾ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ടെങ്കിലും ആയതിൽ നാളിതു വരെ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

വസ്തു നികുതിയുടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് പുതുക്കിയ വസ്തു നികുതി ഈടാക്കുന്നതിനും , ഫീൽഡ് സ്റ്റാഫിനെ നിയമിച്ച് കെട്ടിട ഉടമകൾ നൽകിയ അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്തിലെ മറ്റു കെട്ടിടങ്ങൾ പരിശോധിച്ച് കൂട്ടിച്ചേർക്കലുകളോ , ഉപയോഗ ക്രമത്തിലെ വ്യത്യാസമോ, അനധികൃത നിർമ്മാണങ്ങളോ ഉണ്ടെങ്കിൽ ആയവ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്ത് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26,27 എന്നിയും , ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമങ്ങളിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിനു സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം , ജലവിതരണം, തെരുവു വിളക്കുകൾ ഡ്രൈനേജ് തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെ പറയുന്ന പ്രകാരം ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന നികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജലവിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത് പരിധിയിൽ നാളിതു വരെ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ വളരെ ചുരുങ്ങിയ സ്ഥാപനങ്ങൾക്കാണ് ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പ്രൈവറ്റ് സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് കിട്ടാനുള്ള തുകകൾ പൂർണ്ണമായും ഡിമാന്റ് ചെയ്ത് പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ് ) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കാവുന്നതാണെങ്കിലും ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

ലൈസൻസ് ഫീസ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ചട്ടം 10 ലെ പട്ടിക-II പ്രകാരം വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. പഞ്ചായത്ത് പരിധിയിലുള്ള മുഴവൻ സ്ഥാപനങ്ങളുടെയും വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മുഴവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്ത് പരിധിയിലുള്ള മുഴവൻ സ്ഥാപനങ്ങളും ലൈസൻസോടെ പ്രവർത്തിക്കുന്നുവെന്നും ലൈസൻസ് ഫീസ് ഇനത്തിൽ കിട്ടേണ്ട തുക പൂർണമായും

ലഭ്യമാകുന്നുവെന്നും ഉറപ്പ് വരുത്തേണ്ടതാണ്. ആയത് വഴി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

മറ്റിനം

വാടക

1. പഞ്ചായത്തിന്റെ 2022-23 വാർഷിക കണക്ക് പ്രകാരം വാടക ഇനത്തിൽ കുടിശ്ശിക രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പഞ്ചായത്തിന്റെ തനത് വരുമാനമിനത്തിൽ കുറവു വന്നിട്ടുണ്ടോയെന്ന് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് ലൈബ്രറി

2022-23 വർഷത്തിൽ ലൈബ്രറിയിൽനിന്നുള്ള വരുമാനം 200/- രൂപയാണ്. ലൈബ്രറി സൗകര്യം നാട്ടുകാർക്ക് ഉപകാരപ്രദമാവുന്ന തരത്തിൽ ക്രമീകരിക്കേണ്ടതും, രജിസ്ട്രേഷൻ, വാർഷിക ഫീസ് എന്നിവ ഉയർത്തി പഞ്ചായത്തിന്റെ തനത് വരുമാനം കൂട്ടുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

രജിസ്ട്രേഷൻ ഫീസ്

1. 1999 ലെ കേരള പഞ്ചായത്ത് രാജ് ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടം 3(2) പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്.എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 2022-2023 വർഷത്തിൽ ഈ ഇനത്തിൽ 250 രൂപയാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം(വകുപ്പ് 269 മുതൽ 271 വരെ) ചട്ടം 3(2) പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ ആശുപത്രികളും പാരാ മെഡിക്കൽ സ്ഥാപനങ്ങളും 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്.എന്നാൽ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ RP4 പ്രകാരം 2022-2023 വർഷത്തിൽ ഈ ഇനത്തിൽ 1150/- രൂപയാണ് വരവ് വന്നിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുവുവൻ പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 മാന്വൽ രസീതി ഉപയോഗത്തിലെ അപാകതകൾ

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ കൈപ്പറ്റിയ മാന്വൽ രസീതികളുടെ ഉപയോഗത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. അസിസ്റ്റന്റ് എഞ്ചിനീയർ കൈപ്പറ്റിയ രസീത് ബുക്ക് നമ്പർ 8319ലെ 1 മുതൽ 20 വരെയുള്ള രസീതികളിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

2. വില്ലേജ് എക്സ്റ്റൻഷർ ഓഫീസർ കൈപ്പറ്റിയ ചുവടെ ചേർത്ത രസീതികളിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കുകയോ തീയതി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

| രസീത് ബുക്ക് നമ്പർ | രസീതി നമ്പർ |
|---|---|
| 8315 | 1 മുതൽ 100 വരെ |
| 8318 | 1 മുതൽ 100 വരെ |
| 8322 | 1 മുതൽ 68 വരെ |

3. ഹെഡ്മാസ്റ്റർ കൈപ്പറ്റിയ രസീത് ബുക്ക് നമ്പർ 8295ലെ 71 മുതൽ 90 വരെയുള്ള രസീതികളികളുടെ പകർപ്പ് വ്യക്തികൾക്ക് കൈമാറിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ-ചട്ടം- 20 (സി) പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതുകൾ മെഷീൻ നമ്പർ നൽകിയവയും ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയുമായിരിക്കണം. അസ്സൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് പണം നൽകിയ ആൾക്ക് നൽകേണ്ടതുമാണ്. എന്നാൽ മേൽ നിബന്ധനകൾ പാലിക്കപ്പെട്ടിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 28/1.8.2023-) ഹെഡ്മാസ്റ്റർ കൈപ്പറ്റിയ രസീത് ബുക്കിൽ ഉപയോഗിച്ച രസീതികളികളുടെ പകർപ്പ് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് വ്യക്തികൾക്ക് കൈമാറിയെന്ന് മറുപടി ലഭ്യമാക്കി. അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് വില്ലേജ് എക്സ്റ്റൻഷർ ഓഫീസർ മറുപടി ലഭ്യമാക്കി. അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും

രസീതുകളുടെ ഉപയോഗത്തിൽ ചട്ടപ്രകാരമുള്ള നിബന്ധനകൾ പാലിക്കേണ്ടതുമാണ്.

## 1-14 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2022-23 സാമ്പത്തിക വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിലെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിരവധി കോൺട്രാക്ടേഴ്സ് ജോലി ചെയ്തിട്ടുള്ളതായി ബോധ്യപ്പെട്ടു (അവലംബം: അസി.എൻജിനിയറുടെ 22-23 ലെ എഗ്രിമെന്റ് രജിസ്റ്റർ). 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട്-സെക്ഷൻ 204 പ്രകാരം ഒരു അർദ്ധവർഷത്തിൽ തുടർച്ചയായോ, അല്ലാതെയോ 60 ദിവസം വരുമാനം ആർജ്ജിക്കുന്ന ഓരോ വ്യക്തിയും പഞ്ചായത്തിൽ അതാത് അർദ്ധവർഷത്തെ തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ ഇത്തരത്തിൽ ജോലി ചെയ്ത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 33/1.8.2023 ) നിർമാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ മേലിൽ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എഗ്രിമെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ കരാറുകാർ 60 ദിവസത്തിലധികം ഗ്രാമപഞ്ചായത്ത് പരിധിയിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 ഇലക്ട്രിഫിക്കേഷൻ പദ്ധതി നിർവ്വഹണത്തിലെ -അപാകതകൾ

നിർവ്വഹണോദ്ധ്യോഗസ്ഥൻ :സെക്രട്ടറി

| | | | |
|---|---|---|---|
| പ്രൊജക്ട് നം:പേര് | 211/23- കണ്ണത്ത് ഫ്ലഡ് ലൈറ്റ് സ്ഥാപിക്കൽ | അടങ്കൽ/ഫണ്ടിനം | 300000 (തനത് ) |
| ചെലവ് | 297276/- | ബിൽ നം: /തീ: | 22201150/31.3.23 |
| കോൺട്രാക്ട് | സുന്ദർമോഹൻ.കെ.പി | എഗ്രിമെന്റ് | 22/22-23 /28.1.23 |
| എംബുക്ക് | 33/22-23 | ടെൻണ്ടർ വ്യതിയാനം | (1% കുറവ് ) |

സ.ഉ (കൈ) നം 84/2022/ തസ്വഭവ തി.19.04.2022 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ഏറ്റെടുത്തുനടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും ചെക്ക് മെഷർ ചെയ്യുന്നതിനും LSGD എക്സി .എഞ്ചിനീയർ ഉൾപ്പെടുന്ന PWD, KSEB, Electrical Inspectorate എന്നിവിടങ്ങളിൽ നിന്ന് വിരമിച്ചവരുമായ യോഗ്യരായ എഞ്ചിനീയർമാരുടെ ഒരു പാനൽ (Technical Committee) ജില്ലാ ആസൂത്രണ സമിതി രൂപീകരിക്കേണ്ടതാണ്. LSGD എക്സി .എഞ്ചിനീയർ Technical Committee യുടെ കൺവീനർ ആയിരിക്കും. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതിക അനുമതി ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാന പ്രകാരം കൺവീനർ അനുവദിക്കേണ്ടതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക , ബിൽ തയ്യാറാക്കുക എന്നിവക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് Technical Committee യിൽ നിന്നും ഒരു എഞ്ചിനീയറെ തദ്ദേശ സ്വയം ഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. കരാറിൽ ചുമതലകളും വ്യവസ്ഥകളും വ്യക്തമാക്കുകയും സമ്മത പത്രം വാങ്ങുകയും വേണം. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. കൂടാതെ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക എന്നിവക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയുടെ 1.5% തുക (കുറഞ്ഞത് 2000 രൂപ, പരമാവധി 200000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുന്നതിനും ടെക്നിക്കൽ കമ്മിറ്റിയിലെ ഒരംഗത്തിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ നിർവഹണ മേൽ നോട്ടം നടത്തി അളവുകൾ രേഖപ്പെടുത്തിയ അതേ അംഗത്തെ തന്നെ ചെക്ക് മെഷർ നടത്തുന്നതിന് നിയോഗിക്കാൻ പാടില്ല. ചെക്ക് മെഷർ ചെയ്യുന്നതിന് പ്രതിഫലമായി എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) നൽകാവുന്നതാണ്.

2022- 23 വർഷത്തിൽ നടപ്പിലാക്കിയ വിവിധ ഇലക്ട്രിക്കൽ പ്രവൃത്തികളിൽ മേൽ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1). ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനം എഞ്ചിനിയറെ തെരഞ്ഞെടുത്തതായും കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല.

2). പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക ,

ബിൽ തയ്യാറാക്കുക എന്നിവക്കുള്ള 2% ഓണറേറിയവും പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുക എന്നിവക്കായുള്ള 0.5% ഓണറേറിയവും ഉൾപ്പെടെ 6212/-രൂപ ഒരേ വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. (ശ്രീ.അലി കുന്നത്ത് ,റിട്ട:എ.ഇ)

3). പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽ നിന്ന് ടേംസ് ഓഫ് റഫറൻസ് നൽകി സമ്മതപത്രംവാങ്ങിയതായും കാണുന്നില്ല.
4)കെ.എസ്.ഇ.ബി യുടെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.
5)മോണിട്ടറിങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല
ഇതേ രീതിയിൽ താഴെപ്പറയുന്ന പ്രൊജക്ടുകളും നിർവ്വഹണം നടത്തിയിട്ടുണ്ട്

| പ്രൊജക്ട് നം/പേര് | അടങ്കൽ | ചെലവ് | ബിൽ/തീ |
|---|---|---|---|
| 364/23 ആയുർവ്വേദ ആശുപത്രി വയറിങ് | 90000 | 83192 | 417/22-23/8.3.23 |
| 215/23-തരിശ് ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ | 119463 | 113798 | 518/22-23/30.3.23 |

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.9/22-23/26.7.23 ) മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ ഇത്തരം പ്രവൃത്തികൾ നടപ്പാക്കുമ്പോൾ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-16 ബസ്റ്റ്ൻറ് കെട്ടിടം -നിഷ്ക്രിയ ആസ്തി -തുടർനടപടി ആവശ്യപ്പെടുന്നു

പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെട്ട(കേരള എസ്റ്റേറ്റ് കരുവാരകുണ്ട് വില്ലേജിൽ -സർവ്വേ നമ്പർ 180/2,180/10 ) 70.03 സെന്റ് സ്ഥലത്ത് നിലവിൽ 2ഷട്ടർ റൂമുകൾ ഉൾപ്പെട്ട ഒരു കെട്ടിടവും, കോൺക്രീറ്റ് മുറ്റവും ബസ്സ്റ്റാന്റിന് വേണ്ടി മുൻ വർഷങ്ങളിലെ പദ്ധതി ഫണ്ട് നിർമ്മിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് പരിശോധന വേളയിൽ(29.7.2023 ) പരിശോധന നടത്തിയതിൽ നിഷ്ക്രിയ ആസ്തിയായി കിടക്കുന്നതായിട്ടാണ് കാണപ്പെട്ടത് .സ്വാകാര്യ വ്യക്തിയുടെ ഒരു വാഹനവും മറ്റ അനധികൃതമായി പാർക്ക് ചെയ്ത് ,സംരക്ഷണ വേലികെട്ടാത്ത അവസ്ഥിലാണ് കാണപ്പെട്ടത് .ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:19/22-23/29.7.23 ) തുടർനടപടി സ്വീകരിച്ച് വരുന്നതായി മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ആസ്തി പൊതുജനോപകാര പ്രദമായി ഉപയോഗ യോഗ്യമാക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.





## 1-17 പഞ്ചായത്തിന് വാഹനം വാങ്ങൽ -പഴയ വാഹനത്തിൻറ ഡിസ്പ്പോസൽ വിവരം ലഭ്യമാക്കണം

നിർവ്വഹണോദ്ധ്യോഗസ്ഥൻ :സെക്രട്ടറി

| | | | |
|---|---|---|---|
| പ്രൊജക്ട് നം:പേര് | 212/23 -പഞ്ചായത്തിന് വാഹനം വാങ്ങൽ | അടങ്കൽ/ഫണ്ടിനം | 1000000 (പ്ലാൻ ജനറൽ )<br>300000 (തനത് ഫണ്ട് ) |
| ചെലവ് | 929642 (പ്ലാൻ ജനറൽ ) | ബിൽ നം: /തീ: | BRN:22151352001600890232/9.12.22<br>VR:22200683/12.12.22-104116 |

| | | | |
|---|---|---|---|
| | 104116 (തനത് ഫണ്ട് ) | | |

മേൽ പ്രകാരം പുതിയ വാഹനം വാങ്ങിയെങ്കിലും (MAHINDRA BOLERO NEO JEEP)പഴയ വാഹനം ( നം: KL 10 AA 6305 ) ഡിസ്പോസ് ചെയ്തതിന്റ വിവരം ലഭ്യമാക്കിയിട്ടില്ല.ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം- 5/22-23 /25.7.23) തുടർ നടപടി സ്വീകരിച്ചു വരുന്നതായി മറുപടി ലഭ്യമാക്കി. സർക്കാർ ഉത്തരവ് (എം.എസ്)45/2019 പൊ.മ.വ./16.10.2019 നിർദ്ദേശങ്ങൾ പാലിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 തെരുവ് വിളക്ക് റിപ്പയർ- അപാകതകൾ

നിർവ്വഹണോദ്ധ്യോഗസ്ഥൻ :സെക്രട്ടറി

| പ്രൊജക്ട് നം:പേര് | 284/23-തെരുവ് വിളക്ക് റിപ്പയർ | അടങ്കൽ/ഫണ്ടിനം | 600000 (തനത് ) |
|---|---|---|---|
| ചെലവ് | 599280 | ബിൽ നം: /തീ: | 500/22-23 /29.3.23-299200<br>530/22-23 /29.3.23-300080 |
| കോൺട്രാക്ട് | പി.ടി.എസ് ഏജൻസീസ് ,കോട്ടപ്പുറം ,പാലക്കാട് | എഗ്രിമെന്റ് | 29/22-23/16.3.23 |
| സ്പസിഫിക്കേഷൻ | LED Automatic Light Repair (24w) | 681 No @745.76<br>GST 18% | 507862.56<br>91415.26 |

നിലവിലുള്ള എൽ.ഇ.ഡി. ലൈറ്റുകൾ റിപ്പയർ ചെയ്യുന്നതിന് തയ്യാറാക്കി പ്രൊജക്ടിൽ ടെണ്ടർ നടത്തി ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ കോൺട്രാക്ടർക്ക് ടെണ്ടർ അനുവദിച്ചു.

അപാകതകൾ
1. 5 ലക്ഷത്തിൽ അധികരിച്ചുള്ള എസ്റ്റിമേറ്റ് ഉള്ള പ്രവർത്തികൾ ഇ-ടെൺണ്ടർ ചെയ്യണം ആയത് പരിഗണിച്ചിട്ടില്ല.
2.KSEB യുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല
3.ടെണ്ടറിൽ പങ്കെടുത്തവർക്ക് ടെൺണ്ടർ ഫീ ഒഴിവാക്കുന്നതിന്ന് ജില്ല വ്യവസായ ഓഫീസറുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് തല പർച്ചേസുകൾ മാനദണ്ഡങ്ങൾ പാലിച്ച് നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.
മേൽ അപാകതകൾ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം -21/22-23/31.7.23 ) ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

## 1-19 തെരുവ് വിളക്ക് സ്ഥാപിക്കൽ- അപാകതകൾ

നിർവ്വഹണോദ്ധ്യോഗസ്ഥൻ :സെക്രട്ടറി

പഞ്ചായത്ത് പരിധിയിൽ നിലവിലുള്ള എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്നതിന് തയ്യാറാക്കിയ പ്രൊജക്ട് ടെണ്ടർ നടത്തി ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ കോൺട്രാക്ടർക്ക് ടെണ്ടർ നൽകി.

| പ്രൊജക്ട് നം:പേര് | 287/23-തെരുവ് വിളക്ക് സ്ഥാപിക്കൽ | അടങ്കൽ/ഫണ്ടിനം | 600000 (തനത് ) |
|---|---|---|---|
| ചെലവ് | 599940/- | ബിൽ നം: /തീ: | 281/22-23 /2.2.23-262350<br>499/22-23 /29.3.23-250470<br>531/22-23 /29.3.23-87120 |
| കോൺട്രാക്ട് | പി.ടി.എസ് ഏജൻസീസ് ,കോട്ടപ്പുറം | എഗ്രിമെന്റ് | 29/22-23/16.3.23 |

| | | | |
|---|---|---|---|
| | ,പാലക്കാട് | | |
| സ്പസിഫിക്കേഷൻ | LED Automatic Light Repair (2x9 W BOX Type) | 587no @838.98 GST 18% | 491951 107989 |

അപാകതകൾ
1. 5 ലക്ഷത്തിൽ അധികരിച്ചുള്ള എസ്റ്റിമേറ്റ് ഉള്ള പ്രവർത്തികൾ ഇ-ടെണ്ടർ ചെയ്യണം ആയത് ചെയ്തിട്ടില്ല
2.KSEB യുടെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല
3.ടെണ്ടറിൽ പങ്കെടുത്തവർക്ക് ടെൻണ്ടർ ഫീ ഒഴിവാക്കുന്നതിന്ന് ജില്ല വ്യവസായ ഓഫീസറുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
4.കേടായ തെരുവ് വിളക്കിന് പകരം പുതിയത് സ്ഥാപിച്ചതിനാൽ പഴയ തെരുവ് വിളക്കുകൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിച്ചതിന്റ വിവരം ലഭ്യമാക്കിയിട്ടില്ല .
ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം 22/22-23/31.7.23) അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് തല പർച്ചേസുകൾ മാനദണ്ഡം പാലിച്ച് നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ബഡ്സ് സ്കൂളിന് വാഹന വാടക -ആദായ നികുതി ഈടാക്കിയിട്ടില്ല

നിർവ്വഹണോദ്ധ്യോഗസ്ഥൻ :അസി.സെക്രട്ടറി

| പ്രൊജക്ട് നം:പേര് | 2/23-ബഡ്സ് സ്കൂൾ വാഹന വാടക | അടങ്കൽ/ഫണ്ടിനം | 1000000 പ്ലാൻ ജനറൽ 500000 തനത് ഫണ്ട് |
|---|---|---|---|
| ചെലവ് | 996054 പ്ലാൻ 292875 തനത് | ബിൽ നം: /തീ: | 1/22-23 /29.4.22-88619 2/22-23 /29.4.22-104481 7/22-23 /25.8.22-59840 8/22-23 /25.8.22-63104 9/22-23 /26.8.22-61916 14/22.23 /27.9.22-65824 16/22-23 /29.9.22-49025 17/22-23 /29.9.22-54910 18/22-23 /30.9.22-64724 19/22-23 /20.11.22-51680 20/22-23 /20.11.22-44498 21/22-23 /20.11.22-69258 22/22-23/11.1.23 -45081 |

ബഡ്സ് സ്കൂളിന് കോൺട്രാക്ട് അടിസ്ഥാനത്തിൽ വാഹന വാടകയിനത്തിൽ ശ്രീ .യൂസഫ് മേലേടത്ത് (ഫെഡറൽ ബാങ്ക് അക്കൗണ്ട് നം -16300100039284) എന്നയാൾക്ക് തുക അനുവദിച്ചതിൽ (പ്രതിവർഷം 1,00,000 രൂപയിൽ അധികരിച്ചാൽ) ആദായ നികുതി വകുപ്പ് -194 സി പ്രകാരം 1% ഈടാക്കിയതായി കാണുന്നില്ല . വിശദ വിവരം ചുവടെ

ചേർക്കുന്നു

ബിൽ നം-2/22-23/ 10.5.22 -28455

ബിൽ നം-7/22-23/ 20.8.22 -59840

ബിൽ നം-8/22-23/ 22.8.22 -63104

ബിൽ നം-14/22-23/27.9.22 -65824

ബിൽ നം-17/22-23/29.9.22 -54910

ബിൽ നം-19/22-23/20.11.22 -51680

ബിൽ നം-21/22-23/20.12.22 -69258

UTR NO : KLGBH13012878962/12.1.23-55760

UTR NO : KLGBH13012878970/12.2.23-56950

UTR NO : KLGBH13012878962/12.3.23-65926

ആകെ -571707/- ( ആദായ നികുതി- 1%-5717 ))

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം 23/22-23/30.7.23 ) രശീതി നം: 1230401302/1.8.23 പ്രകാരം 5717/- രൂപ അടവാക്കിതിന്റെ പകർപ്പ് ഹാജരാക്കിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

## 1-20-1 എം.സി.എഫ് വാഹന വാടക -ആദായനികുതി ഈടാക്കിയിട്ടില്ല

നിർവ്വഹണോദ്ധ്യോഗസ്ഥൻ :അസിസെക്രട്ടറി

| | | | |
|---|---|---|---|
| പ്രൊജക്ട് നം:പേര് | 252/23-എം.സി.എഫ് .വാഹന വാടക | അടങ്കൽ/ഫണ്ടിനം | 500000 (സി.എഫ് .സി) |
| ചെലവ് | 340800 | ബിൽ നം: /തീ: | 5/22-23 /2.2.23-113600 6/22-23 /5.2.23-44000 8/22-23 /8.2.2384800 10/22-23 /10.2.23-98400 |
| കോൺട്രാക്ട് | അഷ്റഫ് | എഗ്രിമെന്റ് | ഇല്ല |

അപാകതകൾ

1. ട്രാൻസ്പോർട്ട് കോൺട്രാക്ട് എഗ്രിമെന്റ് വച്ചിട്ടില്ല
2. ആദായ നികുതി ഈടാക്കിയിട്ടില്ല (1%-3408 രൂപ )
3. മോണിട്ടറിങ് റിപ്പോർട്ട് ഫയലിൽ ഇല്ല

മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ആദായ നികുതി ഈടാക്കി അടവാക്കേണ്ടതുമാണ് ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നം :29/22-23/1.8.23)തുക ഇടാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-21 ദുരിതാശ്വാസ നിധി -കാര്യക്ഷമമാക്കണം

നിർവ്വഹണോദ്ധ്യോഗസ്ഥൻ :സെക്രട്ടറി

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിര സഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ദുരിതാശ്വാസ നിധിക്കായി പഞ്ചായത്തിൽ ആരംഭിച്ച ബാങ്ക് (നം KGB

66182 ) അക്കൗണ്ടിൽ മുന്നിരിപ്പ് 46385 രൂപയും വരവ് 1336 രൂപയും ഉൾപ്പടെ 47721 രൂപയിൽ തൻവർഷം ചെലവൊന്നും ഇല്ല. . നീക്കിയിരിപ്പ് 47721 രൂപ ഉണ്ട്. സമൂഹത്തിലെ അർഹരായ ജനങ്ങൾക്ക് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നല്ലാതെ ധനസഹായം ലഭ്യമാകുന്നതിനുള്ള ദുരിതാശ്വാസ നിധി സബ്കമ്മിറ്റി രൂപീകരിച്ച് സജീവമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:35/22-23/1.8.23 ) ലഭ്യമാക്കിയ മറുപടിയിൽ തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-22 MGNREGS ന് മുൻകൂർ നൽകിയത് ക്രമീകരിക്കണം

നിർവ്വഹണോദ്ധ്യോഗസ്ഥൻ :സെക്രട്ടറി

MGNREGS ന് 2022-23 ൽ ശംബളം/കണ്ടിജന്റ്ചെലവുകൾക്കായി താഴെ പ്പറയും പ്രകാരം തുക മുൻകൂറായി അനുവദിക്കപ്പെട്ടിട്ടുണ്ട് . എന്നാൽ ക്രമീകരിക്കപ്പെടാതെ തുക നിലനിൽക്കുന്നതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു

മുന്നിരിപ്പ് -1055309.50
തൻവർഷം -2310085.00
ആകെ -3365394.50
ക്രമീകരിച്ചത് - 963157.00
ക്രമീകരിക്കാൻ ബാക്കി -2402237.50

